# മന്ത്രിസഭാ തീരുമാനങ്ങൾ

## (24.02.2010)

- കോഴിക്കോട് സർവകലാശാലയിൽ 21 തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനിച്ചു.
- തൃശ്ശൂർ ജില്ലയിലെ ചേലക്കരയിൽ ആൺകുട്ടികൾക്കായും പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് പെൺകുട്ടികൾക്കായും ഓരോ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും തീരുമാനിച്ചു.
- വയനാട് എഞ്ചിനീയറിംഗ് കോളേജിൽ 2010-2011 അധ്യായന വർഷംമുതൽ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക് ഇഞ്ചിനീയറിംഗ് വിഭാഗത്തിൽ 60 വിദ്യാർത്ഥിക ളുള്ള ഒരു പുതിയ ബി.ടെക് കോഴ്സ് ആരംഭിക്കുവാൻ തീരുമാനിച്ചു.
- സുൽത്താൻ ബത്തേരി താലൂക്കിൽ കിടങ്ങാട് വില്ലേജിൽപ്പെട്ട പത്ത് ഏക്കർ ഭൂമി മുപ്പത് വർഷത്തേക്ക് കോഴിക്കോട് സർവകലാശാലയ്ക്ക് പാട്ടത്തിന് നൽകാൻ തീരുമാനിച്ചു.
- എറണാകുളം ജില്ലയിലെ പറവൂർ വില്ലേജിൽ രണ്ടര ഏക്കർ സ്ഥലവും അതിലുള്ള കെട്ടിടങ്ങളും കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് മുപ്പത് വർഷത്തേക്ക് പാട്ടത്തിന് നൽകാൻ തീരുമാനിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ ജീവനക്കാരുടെ 145 തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനിച്ചു.
- സിയാൽ മാതൃകയിൽ കണ്ണൂർ വിമാനത്താവളത്തിന്റെ പുതുക്കിയ പദ്ധതിക്ക് അനുമതി നൽകുവാൻ തീരുമാനിച്ചു.
- കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയായിട്ടുള്ള പി.ജി. തോമസ് ഐ.എ.എസ്സിനെ ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറായി നിയമിക്കുവാൻ തീരുമാനിച്ചു. തിരുവനന്തപുരം സബ് കളക്ടർ കെ. ബിജു ഐ.എ.എസ്സിനെ കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറി യായി നിയമിക്കുവാനും തീരുമാനിച്ചു.

******